ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി നടപ്പിലാക്കിവരുന്നു. ഇടിമിന്നൽ, കടൽക്ഷോഭം, എന്നിവ പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു. അണക്കെട്ട് ഉൾപ്പെടെയുള്ള മേഖലകളിൽ, വൈദ്യുതി ബോർഡിന്റെ സഹകരണത്തോടുകൂടി ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സംസ്ഥാന ദുരന്ത പ്രതികരണ സേന 2012-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. ദുരന്ത മുന്നൊരുക്ക നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ദുരന്ത ലഘൂകരണ നിധി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ദുരന്ത നിവാരണ അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടിയന്തര ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അടിയന്തര നടപടി എടുക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു.

റവന്യൂ ലാൻറ് ഇൻഫർമേഷൻ സിസ്റ്റം

117(2996) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ലാൻറ് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും, ചെയ്യുന്ന ഓൺലൈൻ പോക്കുവരവ് ആണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. നിലവിലെ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും, യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കാനും ഈ സംവിധാനം സഹായകരമാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം. കൂടാതെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സൗകര്യവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) റെലിസ് Ver.2 ഉപയോഗിച്ചുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. റെലിസ് Ver.1 ഉപയോഗിച്ചുള്ള ഓൺലൈൻ പോക്കുവരവ് 15-9-2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വില്ലേജുകളും ഉടൻതന്നെ റെലിസ് Ver.2 വില്ലേജ് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പെട്ട 420 വില്ലേജുകളിലേക്കുകൂടി 31-3-2016-നകം ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ 21-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 550/2015/പൊ.ഭ.വ. പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്.

വെളിയം വില്ലേജ് ആഫീസിന് കെട്ടിടം

118(2997) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽപ്പെട്ട വെളിയം വില്ലേജ് ആഫീസിന്റെ നിലവിലെ കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ട്;

(ബി) പ്രസ്തുത ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;